# തണൽ മരവും കുട്ടികളും

ശങ്കു ചേർത്തല

അതൊരു യുപി സ്കൂൾ ആയിരുന്നു. സ്കൂളിനു മുന്നിൽ, റോഡരികിലായിരുന്നു തണൽമരം. ഒരുപാട് പ്രായമുള്ള മുത്തശ്ശിമരമാണത്. ഒഴിവുസമയത്ത് മരത്തണലിൽ കുട്ടികൾ ഉണ്ടാകും. പലതരം കളികളിൽ ഏർപ്പെടുന്ന അവർക്ക് മരത്തണൽ ഒരനുഗ്രഹമായിരുന്നു.

വഴിയാത്രക്കാർക്കും ഉപകാരം തന്നെ. മരച്ചില്ലകളിൽ വലുതും ചെറുതുമായി പലയിനം പക്ഷികൾ കൂടുകെട്ടി താമസിക്കുന്നുണ്ട്. പ്രായക്കൂടുതൽ കൊണ്ട് കൊമ്പുകൾ ചിലതെല്ലാം ഉണങ്ങിത്തുടങ്ങി. മഴക്കാലത്ത് ചുവട്ടിലെ മണ്ണൊലിച്ച് വേരുകൾ പൊങ്ങിത്തുടങ്ങി. ഇനി അധികകാലം തനിക്ക് ആയുസ്സില്ലെന്ന് മരത്തിനു തന്നെ തോന്നി. എന്നിട്ടും ആരും ശ്രദ്ധിക്കാത്തതിൽ മരമുത്തശ്ശിക്ക് സങ്കടമുണ്ട്.

അല്ലെങ്കിൽ മനുഷ്യരെ എന്തിന് കുറ്റപ്പെടുത്തണം? അവർക്ക് അവരുടെ കാര്യം തന്നെ നോക്കാൻ സമയമില്ലെന്നിരിക്കെ ആരുടേതുമല്ലാത്ത ഒരു മരത്തിന്റെ കാര്യത്തിൽ എന്ത് ഉത്കണ്ഠ?

''ഈ മരത്തിന്റെ വേരിങ്ങനെ പൊങ്ങിയാൽ മരം മറിഞ്ഞുവീഴില്ലേ? '' വേരിലിരുന്ന് കൈയിലെ മൈലാഞ്ചിയുടെ ചന്തം നോക്കി രസിച്ചുകൊണ്ടിരുന്ന ഏഴ് ബി യിലെ ഉമ്മുകുൽസു കൂട്ടുകാരിയോട് വെറുതെ ചോദിച്ചു. ''വേര് പൊന്തിയാ മരം മറിഞ്ഞു വീഴുമെന്ന് ആരാടീ നിന്നോട് പറഞ്ഞത്?'' കൂട്ടുകാരി മീര ഉമ്മുകുൽസുവിനെ കളിയാക്കി.

''വേരുകളാണ് മരത്തെയും ചെടികളെയും മണ്ണിൽ ഉറപ്പിച്ചുനിർത്തുന്നതെന്ന് ടീച്ചർ പഠിപ്പിച്ചത് മറന്നോ നീ....'' ഉമ്മുകുൽസു പറഞ്ഞു.

അവൾ പറഞ്ഞത് വലിയ ഒരു സത്യമാണെന്ന് തണൽമരത്തിന്റെ ഉയർന്നുനിൽക്കുന്ന വേരുകളിലേക്ക് നോക്കി കൂട്ടുകാരികൾ അതിശയം കൂറി.

''മരത്തിന് റോഡിലേക്ക് ചെരിവുമുണ്ട്.'' വേറൊരു കുട്ടിയുടെ കണ്ടെത്തൽ ശരിയാണെന്ന് എല്ലാവരും സമ്മതിച്ചു.

''നമുക്കിത് ഹെഡ്മാഷെ അറിയിക്കണം. മരമെങ്ങാനും വീണാൽ റോഡിലേക്കാവും വീഴുക, വാഹനങ്ങളുടെ പുറത്തേക്ക് വീണെന്നും വരാം. കാൽനട യാത്രക്കാർക്കും അപകടം സംഭവിക്കാം. കിളിക്കൂടുകൾ തകരും, മുട്ടകൾ പൊട്ടിച്ചിതറും, വൈദ്യുതിക്കമ്പിയുടെ പുറത്തും വീഴാം.''

ഉമ്മുകുൽസു തട്ടിക്കുടഞ്ഞെഴുന്നേറ്റു. അവരെല്ലാവരും ഹെഡ്മാഷിന്റെ മുറിയിലേക്ക്



ഏഷ്യയിലെ ഏറ്റവും നീളം കൂടിയ നദി- ചൈനയിലെ യാങ്റ്റ്സി

# തേങ്ങാ ഉത്സവം

ഫിലിപ്പൈൻസിലെ ഗുണ പ്രവിശ്യയിലെ സാൻ പാബ്ലോ നഗരത്തിലെ വാർഷികോത്സവമാണ് കോക്കനട്ട് ഫെസ്റ്റിവൽ. ജനുവരി മാസത്തിലെ ആദ്യ ദിവസങ്ങളിലാണിത്.



നടന്നു.

ഉമ്മുകുൽസുവും കൂട്ടുകാരികളും മടിച്ചുമടിച്ചാണ് ഓഫീസ്റൂമിലേക്ക് ചെന്നത്. ഹെഡ്മാഷ് എന്തോ ഗൗരവമായി എഴുതിക്കൊണ്ടിരിക്കുകയാണ്. രണ്ടും കൽപ്പിച്ച് ഉമ്മുകുൽസു തന്നെ കയറിച്ചെന്നു. അവൾ തിരിഞ്ഞുനിന്ന് കൂട്ടുകാരികളെ കൈകാട്ടി ഒപ്പം കൂടാൻ വിളിച്ചു.

"ങ്ഉം.. എന്താ?'' ഹെഡ്മാസ്റ്റർ തല ഉയർത്തിനോക്കി.

"സർ, സ്കൂളിന്റെ മുമ്പീ നിക്കണ തണൽ മരം ചാഞ്ഞ് നിൽക്കുവാ,'' ഉമ്മു കുൽസു തലയിലെ തട്ടം നേരെയിട്ട് പതറാതെ പറഞ്ഞു.

"വേരുകൾ പൊങ്ങി വരണുണ്ട്, വീണാൽ കുഴപ്പാ,'' മറ്റു കുട്ടികൾ പറഞ്ഞു.

"നിങ്ങൾ ഏതു ക്ലാസിലെ കുട്ടികളാ?'' അദ്ദേഹം കസേരയിലേക്ക് ചാഞ്ഞിരുന്നു.

"ഏഴു ബി യിലെ.''

"ഈ സ്കൂളിൽ പത്തഞ്ഞൂറ് കുട്ടികൾ പഠിക്ക്ണ്ണ്ട്. അതു പോട്ടെ, പത്തിരുപത് ടീച്ചേഴ്സുണ്ട്. അവർക്കാർക്കും തോന്നിയില്ലല്ലോ ഇക്കാര്യം.''

പറഞ്ഞത് അബദ്ധമായോ എന്ന് കുട്ടികൾക്ക് തോന്നി. അവർ തല കുനിച്ച് നിന്നു.

"ങ്ഉം.. ക്ലാസീ പൊയ്ക്കോ... ''

കുട്ടികൾ പുറത്തേക്ക് ഓടിയിറങ്ങി.

അന്ന് സ്കൂൾ വിട്ട് പുറത്തിറങ്ങിയപ്പോൾ വെറുതെ തണൽ മരത്തിന്റെ അരികിലേക്ക് ഹെഡ്മാസ്റ്റർ ചെന്നു. അതുകണ്ട് അടുത്ത കടയിലുണ്ടായിരുന്ന നാട്ടുകാരിൽ ചിലരും ഒപ്പം കൂടി.

"എന്താ വിശേഷിച്ച്? "

" ഈ മരത്തിന്റെ നിൽപ്പ് അത്ര ശരിയല്ലല്ലോ, അത് നോക്കിയതാ..."

"ശരിയാ മാഷേ, ഒരു ചരിവുണ്ട്. വേരുകളും പൊങ്ങി വരികയാ.." കൂടിനിന്നവർ ഒരേ സ്വരത്തിൽ പറഞ്ഞു.

"നമുക്കെന്തെങ്കിലും ഉടനെ ചെയ്യണം, മാഷിത് കണ്ടുപിടിച്ചത് നന്നായി."

"സത്യത്തിൽ ഇത് കുട്ടികളുടെ കണ്ടുപിടുത്താ!" മാഷ് ചിരിച്ചു.

"നമ്മൾ കാണാത്തത് പലതും കുട്ടികൾ കണ്ടെത്തും. അതാ കാലം.." എല്ലാവരും ചിരിച്ചു.

മരത്തിന് ആശ്വാസം തോന്നി. തന്റെ ദൈന്യസ്ഥിതി ശ്രദ്ധിക്കപ്പെട്ടിരിക്കുന്നു. എന്തെങ്കിലും പരിഹാരം ഉണ്ടാകാതിരിക്കില്ല. അത്രമാത്രം ഉപകാരം തന്നെക്കൊണ്ട് എല്ലാവർക്കും ഉണ്ടല്ലോ.

ഹെഡ്മാസ്റ്റർ അടിയന്തര സ്റ്റാഫ് മീറ്റിംഗ് വിളിച്ചു. തണൽമരം സംരക്ഷിക്കപ്പെടേണ്ട ആവശ്യകത വ്യക്തമാക്കി. തുടർന്നു നടന്ന ചർച്ചയിൽ അനുകൂലിച്ചും പ്രതികൂലിച്ചും സംസാരമുണ്ടായി. "തണൽമരത്തിന്റെ ചുവട്ടിൽ നമ്മുടെ കുട്ടികൾ കളിക്കുന്നുണ്ടെന്നത് നേര്. എന്നു വെച്ച് വീഴാൻ നിൽക്കുന്ന മരം സംരക്ഷിക്കേണ്ട ബാധ്യത നമ്മൾ ഏറ്റെടുക്കണോ മാഷേ.. നാട്ടുകാരോ പഞ്ചായത്തോ എന്തെങ്കിലും ചെയ്യട്ടെ, അല്ലാതെ..."



വിമർശനങ്ങൾ പലരിൽ നിന്നും ഉയർന്നപ്പോൾ ഹെഡ്മാസ്റ്റർ തുറന്നടിച്ചു:

"നമ്മുടെ കുട്ടികൾക്കും കാൽനടക്കാർക്കും ഉപകാരമുള്ള ഒരു മരം സംരക്ഷിക്കുന്നതിന്റെ പേരിൽ പിരിവുണ്ടാകുമെന്ന് ആരും ഭയപ്പെടേണ്ട. മരം ഒരു വരമാണെന്ന് കുട്ടികളെ പറഞ്ഞു പഠിപ്പിക്കുന്ന നിങ്ങൾ തന്നെ ഇത് പറയണം."

അധ്യാപകർക്കിടയിൽ പൊട്ടലും ചീറ്റലുമുണ്ടായി. "ഏതായാലും മുതിർന്ന കുട്ടികൾ കാട്ടിയ പൗരബോധത്തെയും പ്രകൃതിസ്നേഹത്തെയും അവഗണിക്കാൻ ഹെഡ്മാസ്റ്റർ എന്ന നിലക്ക് സാധ്യമല്ല."

മീറ്റിംഗ് അവസാനിപ്പിച്ച് അദ്ദേഹം ഓഫീസ് മുറിയിലേക്ക് മടങ്ങി. പിറ്റേദിവസം പതിവുപോലെ മോണിംഗ് അസംബ്ലി ചേർന്നു. പഠനസംബന്ധമായ കാര്യങ്ങൾ ഓർമ്മപ്പെടുത്തിയ ശേഷം സഹാധ്യാപകരെ പിണക്കാതെ തണൽമരസംരക്ഷണ



ലോകത്ത് ഏറ്റവുമധികം പാൽ ഉൽപ്പാദിപ്പിക്കുന്ന രാജ്യം- ഇന്ത്യ

# ഏറ്റവും വലിയ ചില്ലുപാലം



ലോകത്തിലെ ഏറ്റവും ഉയരം കൂടിയതും ദൈർഘ്യമേറിയതുമായ ചില്ലുപാലം ചൈനയിലാണ്. ഹുനാൻ പ്രവിശ്യയിലെ ഴാങ്ജിയാജിയിൽ രണ്ട് പർവ്വതങ്ങളെ തമ്മിൽ ബന്ധിപ്പിച്ചാണ് ഈ പാലം നിർമ്മിച്ചിരിക്കുന്നത്. അവതാർ സിനിമ ഇവിടെ ചിത്രീകരിച്ചതിനാൽ അവതാർ പർവ്വതങ്ങൾ എന്നാണ് ഇവ അറിയപ്പെടുന്നത്. മുന്നൂറ് മീറ്റർ ഉയരത്തിൽ 430 മീറ്റർ നീളമുള്ള പാലം 34 ലക്ഷം ഡോളർ ചെലവഴിച്ചാണ് പണിതത്. ആറ് മീറ്ററാണ് വീതി. 99 ഗ്ലാസ് ഷീറ്റുകൾ കൊണ്ടാണ് പാലം നിർമ്മിച്ചിരിക്കുന്നത്.

# ഏറ്റവും ഉയരം കൂടിയ പാലം



ലോകത്തിലെ ഏറ്റവും ഉയരം കൂടിയ പാലം ചൈനയിലെ 'ബെയ്പാൻ ജിയാങ്' ജനങ്ങൾക്കായി തുറന്നു നൽകി. തെക്കു പടിഞ്ഞാറൻ പ്രവിശ്യകളായ യുനാൻ, ഗെയിഷു എന്നിവയെ ബന്ധിപ്പിച്ചുകൊണ്ട് നിസ്ഹു നദിക്കു കുറുകെ മൂന്ന് വർഷമെടുത്താണ് ഇത് നിർമ്മിച്ചത്. നദീനിരപ്പിൽനിന്നും 565 മീറ്റർ (1854 അടി) ഉയരമുള്ള പാലത്തിന്റെ നീളം 1341 മീറ്ററാണ്.

വിഷയം ഹെഡ്മാസ്റ്റർ തന്ത്രപൂർവ്വം അവതരിപ്പിച്ചു:

"നമ്മുടെ സ്കൂൾ ഒന്നുമുതൽ ഏഴുവരെയുള്ള ഒരു യുപി സ്കൂളാണെന്ന് എല്ലാവർക്കുമറിയാം. ഏഴിലെ മൂന്ന് ഡിവിഷനും ഇക്കൊല്ലം സ്കൂൾ വിടും. അവരുടെ ഓർമ്മ നിലനിർത്താൻ വലിയൊരു കാര്യം ചെയ്യാനാവും. നമ്മുടെ സ്കൂളിന് മുന്നിൽ നിൽക്കുന്ന മുത്തശ്ശിമരം അപകടാവസ്ഥയിലാണ്. അതിന്റെ ചുറ്റും കൽത്തറ കെട്ടി സംരക്ഷിച്ചാൽ കുറെക്കാലം കൂടി നിലനിൽക്കും. നിങ്ങളുടെ പിൻഗാമികൾക്കും വഴിയാത്രക്കാർക്കും അതിൽ കൂടുകെട്ടി പാർക്കുന്ന പക്ഷിക്കൂട്ടത്തിനും വലിയ ഉപകാരമാകും. പക്ഷേ...." മാഷ് ഇടക്കൊന്ന് നിർത്തി.

"അതിന് കുറച്ച് പണച്ചെലവുണ്ട്. അത് ഏഴാം ക്ലാസുകാർ കണ്ടെത്തണം."

"ഞങ്ങൾ തയ്യാർ! ഞങ്ങൾ തയ്യാർ...." ഉമ്മുകുൽസുവിനൊപ്പം ഏഴാംക്ലാസിലെ കുട്ടികളെല്ലാം ഉച്ചത്തിൽ വിളിച്ചുപറഞ്ഞു. തണൽ മരം തന്റെ തളിരിലകൾ ഇളക്കി സന്തോഷം പങ്കിട്ടു.

ഏഷ്യയുടെ കവാടം എന്നറിയപ്പെടുന്ന രാജ്യം- ഫിലിപ്പീൻസ്